(ഇ) മത്സരത്തിൽ പങ്കെടുക്കുന്ന വനിതാ പോലീസുകാർക്ക് മാത്രമായി പ്രത്യേക സ്കോർബോർഡ് വെയ്ക്കുകയോ, അല്ലെങ്കിൽ അതാത് ജില്ലകൾക്ക് ലഭിച്ച പോയിന്റിനോടൊപ്പം പ്രത്യേകം രേഖപ്പെടുത്തുകയോ ചെയ്യണമെന്ന ആവശ്യമാണ് ഉന്നയിച്ചിരുന്നത്.

(എഫ്) ഇത് സംബന്ധിച്ച് നിയമസഭാ സബ്ജക്റ്റ് കമ്മിറ്റിയുടെ ശുപാർശ സർക്കാരിന് ലഭിച്ചതായി കാണുന്നില്ല.

(ജി) ഉത്തരം എഫ്-ന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

ട്രാഫിക് നിയന്ത്രണം കാര്യക്ഷമമാക്കാൻ നടപടി

91 [5838] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൻ നഗരങ്ങളിൽ വർദ്ധിച്ചുവരുന്ന വാഹനത്തിരക്കനുസരിച്ച് ട്രാഫിക് നിയന്ത്രണം കാര്യക്ഷമമാക്കാൻ ട്രാഫിക് പോലീസിന് കഴിയുന്നില്ല എന്ന കാര്യം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തുനടപടിയാണ് സ്വീകരിച്ചത്;

(സി) വർദ്ധിച്ചുവരുന്ന ട്രാഫിക് അപകടം ഒഴിവാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) ട്രാഫിക് പോലീസിന്റെ ജോലിഭാരം കൂടുതലാണെങ്കിലും നിലവിലുള്ള പോലീസുകാരെ ഉപയോഗിച്ച് പരമാവധി കാര്യക്ഷമമായി ട്രാഫിക് നിയന്ത്രണം നടത്തുന്നുണ്ട്.

(സി) ട്രാഫിക് അപകടങ്ങൾ തടയുന്നതിന്റെ ഭാഗമായി നാഷണൽ ഹൈവേയിലും എം. സി. റോഡിലും 24 മണിക്കൂറും റെയ്ഞ്ച് ഡി.ഐ.ജി.-മാരുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ ഹൈവേ പോലീസ് പാർട്ടികളെ നിയോഗിച്ച് വാഹന അപകടങ്ങൾ തടയുന്നതിനും പരിക്കു പറ്റുന്ന വ്യക്തികളുടെ മെഡിക്കൽ സൗകര്യം ഉറപ്പു വരുത്തുകയും ചെയ്യുന്നതിനുവേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. റോഡ് ഉപഭോക്താക്കളെ റോഡ് നിയമങ്ങളെക്കുറിച്ച് ബോധവൽക്കരിച്ചും നിയമലംഘകരെ തങ്ങൾ കാണിച്ച തെറ്റിനെക്കുറിച്ച് പറഞ്ഞ് മനസ്സിലാക്കിക്കൊടുക്കുകയും ഇത്തരം ബോധവൽക്കരണ ക്ലാസ്സുകൾ മുൻകൂട്ടി തയ്യാറാക്കിയ പ്രോഗ്രാം പ്രകാരം എല്ലാ ജില്ലകളിലും ആരംഭിച്ചു കഴിഞ്ഞു. അതിൻപ്രകാരം ബോധവൽക്കരണത്തിന്റെ ഭാഗമായി ലഘുരേഖകൾ വിതരണം ചെയ്തും ദൃശ്യമാധ്യമങ്ങൾ വഴി പ്രചരണം നടത്തുവാൻ പദ്ധതിയുണ്ട്. കൂടാതെ മോഡനൈസേഷന്റെ ഭാഗമായി വാഹന അപകടങ്ങൾ തടയുന്നതിനുള്ള യന്ത്രസാമഗ്രികൾ വാങ്ങുന്നതിനുള്ള നടപടിയും നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly